**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2530** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ നിയന്ത്രണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ അധികാരം കേരള ഹൈക്കോടതി ശരിവച്ചതിനെ തുടർന്ന് മേഘാലയ സർക്കാർ സുപ്രീം കോടതിയിൽ കേന്ദ്ര ലോട്ടറി നിയമങ്ങളിലും ചട്ടങ്ങളിലും സംസ്ഥാനങ്ങൾക്കുള്ള നിയന്ത്രണ അവകാശത്തെ ചോദ്യം ചെയ്ത് കേസ് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം എന്ത് അഭിപ്രായമാണ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത കേസിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | O.S 1/2021 സുപ്രീം കോടതിയിൽ വിചാരണയ്ക്ക് വരുമ്പോൾ സംസ്ഥാനത്തിന് വേണ്ടി ഹാജരാകാൻ സീനിയർ അഭിഭാഷകനായ ശ്രീ. പല്ലവ് ശിശോദി യയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കേസിന് വേണ്ടി സംസ്ഥാന താല്പര്യം മുൻനിർത്തി Statement of facts തയ്യാറാക്കി അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന കോടതിയിൽ ഫയൽ ചെയ്യാൻ സുപ്രീം കോടതി സ്റ്റാന്റിംഗ് കൗൺസിലിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ കോടതി കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ലോട്ടറി മാഫിയയുമായി ബന്ധമുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ